**മധുരമായ കുട്ടികളേ– ഇത് അത്ഭുതകരമായ സത്സംഗമാണ്, ഇവിടെ നിങ്ങളെ ജീവിച്ചിരിക്കെ മരിക്കാൻ പഠിപ്പിക്കുന്നു, ജീവിച്ചിരിക്കെ മരിക്കുന്നവർ തന്നെയാണ് ഹംസമായി മാറുന്നത്.**

**ചോദ്യം–** നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ഏതൊരു ചിന്തയാണുള്ളത്?
**ഉത്തരം–** നമുക്ക് വിനാശത്തിന് മുമ്പ് സമ്പന്നമായി മാറണം. ഏത് കുട്ടികളാണോ ജ്ഞാനത്തിലും യോഗത്തിലും ശക്തിശാലികളാകുന്നത്, അവർക്ക് മനുഷ്യരെ ദേവതകളാക്കി മാറ്റുന്നത് ശീലമായി (ഹോബിയായി) മാറുന്നു. അവർക്ക് സേവനമില്ലാതെ ഇരിക്കാൻ സാധിക്കില്ല. ജിന്നിനെപ്പോലെ ഓടിക്കൊണ്ടിരിക്കും. സർവ്വീസിനോടൊപ്പം തന്നെ സ്വയം സമ്പന്നമായി മാറണം എന്ന കാര്യത്തിലും ചിന്തയുണ്ടാകും.

**ഓം ശാന്തി.** ആത്മീയ അച്ഛൻ ഇരുന്ന് ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്– ആത്മാവ് ഇപ്പോൾ സാകാരത്തിലാണ് മാത്രമല്ല പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനമാണ് എന്തുകൊണ്ടെന്നാൽ ദത്തെടുത്തിരിക്കുകയാണ്. ഇവർ സഹോദരീ സഹോദരൻമാരാക്കി മാറ്റും ,എന്ന് നിങ്ങളെക്കുറിച്ച് എല്ലാവരും പറയാറുണ്ട്. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് യഥാർത്ഥത്തിൽ നിങ്ങൾ ആത്മാക്കൾ സഹോദരങ്ങളാണ്. ഇപ്പോൾ പുതിയ സൃഷ്ടി ഉണ്ടാവുകയാണ് അതിനാൽ ആദ്യമാദ്യം കുടുമയായ ബ്രാഹ്മണർ ആവശ്യമാണ്. നിങ്ങൾ ശൂദ്രരായിരുന്നു, ഇപ്പോൾ പരിവർത്തനപ്പെട്ടതാണ്. ബ്രാഹ്മണരും തീർച്ചയായും വേണമല്ലോ. പ്രജാപിതാ ബ്രഹ്മാവിന്റെ പേര് പ്രശസ്തമാണ്. ഈ കണക്ക് അനുസരിച്ച് നമ്മൾ കുട്ടികൾ എല്ലാവരും സഹോദരീ സഹോദരങ്ങളാണ് എന്നും നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. ആരെല്ലാം തന്നെ ബ്രഹ്മാകുമാരൻ അഥവാ കുമാരി എന്നു പറയുന്നുവോ അവരെല്ലാം സഹോദരീ സഹോദരങ്ങളാണ്. എല്ലാവരും പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളാണെങ്കിൽ തീർച്ചയായും സഹോദരീ –സഹോദരങ്ങളായിരിക്കും. അറിവില്ലാത്തവർക്ക് ഇത് മനസ്സിലാക്കിക്കൊടുക്കണം. അറിവില്ലാത്തവരുമാണ്, ഒപ്പം അന്ധവിശ്വാസികളുമാണ്. ആരുടെ പൂജയാണോ ചെയ്യുന്നത്, ഇവർ ഇന്നയാളാണ് എന്ന് ആരെയാണോ വിശ്വസിക്കുന്നത് അവർ ആരാണെന്ന് ഒട്ടുംതന്നെ അറിയുന്നില്ല. ലക്ഷ്മീ –നാരായണന്റെ പൂജ ചെയ്യുന്നുണ്ട് പക്ഷേ അവർ എപ്പോഴാണ് വന്നത്, എങ്ങനെയാണ് അവർ ദേവതയായി മാറിയത്, പിന്നീട് എവിടെപ്പോയി? ഇതൊന്നും ആർക്കും അറിയില്ല. എല്ലാവർക്കും നെഹ്റു മുതലായവരെ അറിയാം, ഹിസ്റ്ററിയും, ജോഗ്രഫിയും എല്ലാം അറിയാം. എന്നാൽ ജീവിതകഥ അറിയുന്നില്ലെങ്കിൽ പിന്നെ അവരെക്കൊണ്ട് എന്താണ് പ്രയോജനം. പൂജ ചെയ്യുന്നുണ്ട് പക്ഷേ അവരുടെ ജീവിതകഥ എന്താണെന്ന് അറിയില്ല. മനുഷ്യരുടെ ജീവിതകഥയൊക്കെ അറിയാം, പക്ഷേ മൺമറഞ്ഞുപോയ മഹാന്മാരിൽ ഒരാളുടെ കഥപോലും അറിയുന്നില്ല. ശിവന് എത്ര പൂജാരിമാരാണുള്ളത്, പൂജ ചെയ്യുന്നു എന്നിട്ട് , ഭഗവാൻ തൂണിലും തുരുമ്പിലുമുണ്ട്, കണ കണങ്ങളിലുണ്ട് എന്നെല്ലാം പറയുന്നു.എന്താ ഇത് ജീവിതകഥയായോ? ഇത് ബുദ്ധിയുള്ളവർ പറയേണ്ട കാര്യമല്ല. സ്വയം തന്നെത്താനെ പതിതമെന്നു പറയുന്നു. പതിതം എന്ന വാക്ക് എത്ര യോജിച്ചതാണ്. പതിതം അർത്ഥം വികാരി.നിങ്ങളെ ബ്രഹ്മാകുമാരൻ– കുമാരി എന്ന് പറയുന്നത് എന്തുകൊണ്ടാണ് എന്നത് നിങ്ങൾക്കറിയാം. എന്തുകൊണ്ടെന്നാൽ ബ്രഹ്മാവിന്റെ സന്താനങ്ങളാണ് മാത്രമല്ല ദത്തെടുത്തതാണ്. നമ്മൾ കുഖവംശാവലിയല്ല, മുഖവംശാവലിയാണ്. ബ്രാഹ്മണ– ബ്രാഹ്മണികൾ സഹോദരീ സഹോദരങ്ങളല്ലേ. അതിനാൽ അവർക്കിടയിൽ ക്രിമിനൽ ദൃഷ്ടി ഉണ്ടാവുക സാധ്യമല്ല. മോശമായ ചിന്തകളിൽ മുഖ്യമായത് കാമത്തിന്റേതാണ്. നിങ്ങൾ പറയുന്നു ഞങ്ങൾ പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങൾ സഹോദരീ സഹോദരങ്ങളാവുകയാണ്.് നമ്മൾ എല്ലാവരും ശിവബാബയുടെ കുട്ടികളാണ് പരസ്പരം സഹോദരങ്ങളാണ് എന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. ഇതും പക്കയാണ്. ലോകത്തിന് ഒന്നും അറിയില്ല. ഇങ്ങനെ വെറുതേ പറയുന്നുവെന്നുമാത്രം. മുഴുവൻ ആത്മാക്കളുടേയും പിതാവ് ഒരു ബാബയാണ് എന്ന് നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ബാബയെ എല്ലാവരും വിളിക്കുന്നു. നിങ്ങൾ ചിത്രവും കാണിച്ചിട്ടുണ്ട്. വലിയ വലിയ ധർമ്മങ്ങളിലുള്ളവരും നിരാകാരനായ ബാബയെ അംഗീകരിക്കുന്നുണ്ട്. ബാബ നിരാകാരനായ ആത്മാക്കളുടെ പിതാവാണ്, പിന്നെ സാകാരത്തിൽ എല്ലാവരുടേയും പിതാവ് പ്രജാപിതാ ബ്രഹ്മാവാണ്. ബ്രഹ്മാവിലൂടെ പിന്നീട് വൃദ്ധി ഉണ്ടാകുന്നു, വൃക്ഷം വളർന്നുകൊണ്ടിരിക്കും. ഭിന്ന ഭിന്ന ധർമ്മങ്ങൾ വരുകയും പോവുകയും ചെയ്യും. ആത്മാവ് ഈ ശരീരത്തിൽ നിന്നും വേറിട്ടതാണ്. ശരീരം നോക്കിയിട്ട് പറയുന്നു– ഇവർ അമേരിക്കക്കാരനാണ്, ഇവർ ഇന്നയാളാണ്. ആത്മാവിനെയല്ല പറയുന്നത്. ആത്മാക്കൾ എല്ലാവരും ശാന്തിധാമത്തിലാണ് വസിക്കുന്നത്. പാർട്ട് അഭിനയിക്കാൻ അവിടെ നിന്നാണ് വരുന്നത്. എല്ലാവരും പുനർജന്മങ്ങൾ എടുക്കുന്നുണ്ട് മാത്രമല്ല മുകളിൽ നിന്നും ആത്മാക്കൾ വന്നുകൊണ്ടിരിക്കും എന്ന് നിങ്ങൾ എല്ലാ ധർമ്മങ്ങളിലുള്ളവരോടും പറയൂ. അതിനാൽ ബാബ മനസ്സിലാക്കിത്തരുകയാണ്– നിങ്ങളും മനുഷ്യരാണ്, മനുഷ്യർ ഈ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യം അഥവാ ഈ സൃഷ്ടി

ചക്രം എങ്ങനെയാണ് കറങ്ങുന്നത്, ഇതിന്റെ രചയിതാവ് ആരാണ്, ഇത് കറങ്ങാൻ എത്ര സമയം എടുക്കുന്നുണ്ട്? എന്നതെല്ലാം അറിഞ്ഞിരിക്കേണ്ടതല്ലേ. ഇത് നിങ്ങൾക്കുമാത്രമേ അറിയൂ, ദേവതകൾക്ക് അറിയില്ല. മനുഷ്യർ തന്നെയാണ് ഇതറിഞ്ഞ് പിന്നീട് ദേവതയായി മാറുന്നത്. മനുഷ്യനെ ദേവതയാക്കി മാറ്റുന്നത് ബാബയാണ്. ബാബ തന്റേയും ഒപ്പം ഈ രചനയുടേയും പരിചയം നൽകുന്നു. നമ്മൾ ബീജരൂപനായ ബാബയുടെ ബീജരൂപരായ കുട്ടികളാണ് എന്നും് നിങ്ങൾക്കറിയാം. ബാബ എങ്ങനെ ഈ തലകീഴായ വൃക്ഷത്തെ അറിയുന്നുവോ, അതുപോലെ നമ്മളും മനസ്സിലാക്കിക്കഴിഞ്ഞു. മനുഷ്യന് ഒരിയ്ക്കലും ഇത് മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കില്ല. പക്ഷേ നിങ്ങൾക്ക് ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്.

നിങ്ങൾ ഏതുവരെ ബ്രഹ്മാവിന്റെ കുട്ടികളായി മാറുന്നില്ലയോ, അതുവരെ നിങ്ങൾക്ക് ഇവിടേയ്ക്ക് വരാൻ കഴിയില്ല. ഏതുവരെ മുഴുവൻ കോഴ്സും കേട്ട് മനസ്സിലാക്കുന്നില്ലയോ അതുവരെ നിങ്ങൾക്ക് എങ്ങനെ ബ്രാഹ്മണരുടെ സഭയിൽ ഇരിക്കാൻ കഴിയും?ഇതിനെ ഇന്ദ്രസഭ എന്നും പറയുന്നു. ഇന്ദ്രൻ ജലം കൊണ്ടുള്ള മഴയൊന്നും പെയ്യിക്കുന്നില്ല. ഇന്ദ്രസഭ എന്നാണ് പറയുന്നത്. മാലാഖയായി മാറേണ്ടതും നിങ്ങളാണ്. അനേക പ്രകാരത്തിലുള്ള മാലാഖകളെക്കുറിച്ച് പാടിയിട്ടുണ്ട്. ചില കുട്ടികൾക്ക് വളരെ ഭംഗിയുണ്ടെങ്കിൽ, മാലാഖയെപ്പോലെയുണ്ട് എന്ന് പറയാറില്ലേ. പൗഡർ മുതലായവ പൂശി സുന്ദരമായി മാറുന്നു. സത്യയുഗത്തിൽ നിങ്ങൾ മാലാഖമാർ രാജകുമാരന്മാരായിരിക്കും. ഇപ്പോൾ നിങ്ങൾ ജ്ഞാനസാഗരനിൽ നിന്ന് ജ്ഞാനസ്നാനം ചെയ്യുന്നതിനാൽ മാലാഖകൾ അഥവാ ദേവീദേവതകളായി മാറുന്നു.നമ്മൾ എന്തിൽ നിന്നും എന്തായാണ് മാറുന്നത്. സദാ പവിത്രവും, സദാ സുന്ദരവുമായ ബാബ അഥവാ യാത്രികൻ നിങ്ങളെ ഇങ്ങനെയാക്കി മാറ്റുന്നതിനായി കറുത്ത ശരീരത്തിൽ പ്രവേശിച്ചിരിക്കുകയാണ് എന്ന് നിങ്ങൾക്കറിയാം. ഇപ്പോൾ വെളുത്തവരാക്കി മാറ്റുന്നതാരാണ്? ബാബയ്ക്ക് വെളുത്തവരാക്കി മാറ്റേണ്ടിവരുമല്ലോ. സൃഷ്ടി ചക്രത്തിന് കറങ്ങുകതന്നെ വേണം. ഇപ്പോൾ നിങ്ങൾക്ക് വെളുത്തവരായി മാറണം. പഠിപ്പിക്കുന്നത് ജ്ഞാനസാഗരനായ ഒരേയൊരു ബാബയാണ്. ബാബ ജ്ഞാനത്തിന്റെ സാഗരനും, പ്രേമത്തിന്റെ സാഗരനുമാണ്. ബാബക്കായി പാടുന്ന മഹിമ ലൗകിക പിതാവിനുവേണ്ടി പാടാൻ സാധിക്കുമോ? ഇത് പരിധിയില്ലാത്ത ബാബയുടെ മാത്രം മഹിമയാണ്. വന്ന് ഞങ്ങളെ ഇങ്ങനെയുള്ള മഹിമയ്ക്ക് യോഗ്യരാക്കി മാറ്റൂ എന്ന് പറഞ്ഞ് ആ ബാബയെത്തന്നെയാണ് വിളിക്കുന്നത്. ഇപ്പോൾ നിങ്ങൾ അതും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ആയിത്തീർന്നുകൊണ്ടിരിക്കുകയല്ലേ .പഠിപ്പിൽ എല്ലാവരും ഏകരസമായിരിക്കില്ല. രാത്രിയും ,പകലും തമ്മിലുള്ള വ്യത്യാസമുണ്ടാകുമല്ലോ. നിങ്ങളുടെ അടുത്തേയ്ക്കും ഒരുപാടുപേർ വരും. തീർച്ചയായും ബ്രാഹ്മണനായി മാറണം. പിന്നീട് ചിലർ നല്ലരീതിയിൽ പഠിക്കും, ചിലർ കുറവായിരിക്കും. ആരാണോ പഠിപ്പിൽ ഏറ്റവും നല്ലത് അവർക്ക് മറ്റുള്ളവരേയും പഠിപ്പിക്കാൻ കഴിയും എന്നതും നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും, ഇത്രയും കോളേജുകൾ തുറക്കുന്നുണ്ടല്ലോ. ബാബയും പറയുന്നു, ഇങ്ങനെയുള്ള കോളേജുകൾ തുറക്കൂ ഇതിലൂടെ എല്ലാവരും മനസ്സിലാക്കണം ഈ കോളേജിലൂടെ രചയിതാവിന്റേയും രചനയുടെ ആദി –മദ്ധ്യ –അന്ത്യത്തിന്റേയും ജ്ഞാനം ലഭിക്കും. ബാബ ഭാരതത്തിൽ തന്നെയാണ് വരുന്നത് അതിനാൽ ഭാരതത്തിലാണ് കോളേജുകൾ തുറന്നുകൊണ്ടിരിക്കുന്നത്. മുന്നോട്ട് പോകവേ വിദേശത്തും ആരംഭിക്കും. വളരെയധികം കോളേജുകളും, യൂണിവേഴ്സിറ്റികളും വേണമല്ലോ. ഇവിടെ വളരെയധികം പേർ വന്ന് പഠിക്കും പിന്നീട് എപ്പോൾ പഠിപ്പ് പൂർത്തിയാകുന്നുവോ അപ്പോൾ എല്ലാവരും ദേവീ –ദേവതാ ധർമ്മത്തിലേയ്ക്ക് ട്രാൻസ്ഫറാകും അഥവാ മനുഷ്യനിൽ നിന്നും ദേവതയായി മാറും. നിങ്ങൾ മനുഷ്യനിൽ നിന്നും ദേവതയാകുന്നില്ലേ. പാട്ടുമുണ്ട്– മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റി...... ഇവിടെ ഇത് മനുഷ്യരുടെ ലോകമാണ്, അത് ദേവതകളുടെ ലോകമാണ്. ദേവതകളും, മനുഷ്യരും തമ്മിൽ രാത്രിയുടേയും, പകലിന്റേയും വ്യത്യാസമുണ്ട്! പകൽ ദേവതകളാണ്, രാത്രിയിൽ മനുഷ്യരാണ്. എല്ലാവരും ഭക്തർ തന്നെ ഭക്തരാണ്, പൂജാരികളാണ്. ഇപ്പോൾ നിങ്ങൾ പൂജ്യരിൽ നിന്നും പൂജാരിയാകുന്നു. സത്യയുഗത്തിൽ ശാസ്ത്രം, ഭക്തി എന്നിവയുടെ പേരുപോലും ഉണ്ടാകില്ല. അവിടെ എല്ലാവരും ദേവതകളായിരിക്കും. ഭക്തരായിരുന്ന മനുഷ്യർ തന്നെയാണ് പിന്നീട് ദേവതയായി മാറുന്നത്. അത് ദൈവീക ലോകമാണ്. ഇതിനെ ആസുരീയ ലോകം എന്നാണ് പറയുന്നത്. രാമരാജ്യവും, രാവണ രാജ്യവും. രാവണ രാജ്യം എന്ന് എന്തിനെയാണ് പറയുന്നത്? രാവണൻ എപ്പോഴാണ് വന്നത്? എന്നതെല്ലാം മുമ്പ് നിങ്ങളുടെ ബുദ്ധിയിൽ ഉണ്ടായിരുന്നോ? ഒന്നും അറിയില്ലായിരുന്നു. ലങ്ക സമുദ്രത്തിൽ മുങ്ങിപ്പോയി എന്നു പറയുന്നു. ദ്വാരകയെക്കുറിച്ചും ഇങ്ങനെതന്നെയാണ് പറയുന്നത്. ഈ മുഴുവൻ ലങ്കയും മുങ്ങാനുള്ളതാണ്, മുഴുവൻ ലോകവും പരിധിയില്ലാത്ത ലങ്കയാണ്. ഇതെല്ലാം മുങ്ങിപ്പോകും, വെള്ളം വരും എന്നെല്ലാം ഇപ്പോൾ നിങ്ങൾക്കറിയാം ബാക്കി സ്വർഗ്ഗം മുങ്ങുമോ. എത്ര അളവില്ലാത്ത ധനമുണ്ടായിരുന്നു. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഒരു സോമനാഥ ക്ഷേത്രം തന്നെ മുസ്ലീങ്ങൾ എത്ര തവണ കൊള്ളയടിച്ചു. നോക്കൂ ഇപ്പോൾ ഒന്നുമില്ല. ഭാരതത്തിൽ അളവില്ലാത്ത ധനമുണ്ടായിരുന്നു.

ഭാരതത്തെത്തന്നെയാണ് സ്വർഗ്ഗം എന്ന് വിളിക്കുന്നത്. ഇപ്പോൾ സ്വർഗ്ഗം എവിടെയാണ്? ഇപ്പോൾ നരകമാണ്, വീണ്ടും സ്വർഗ്ഗമുണ്ടാകും. സ്വർഗ്ഗം ആരാണ് ഉണ്ടാക്കുന്നത്, നരകം ആരാണ് ഉണ്ടാക്കുന്നത്? എന്ന് നിങ്ങൾ ഇപ്പോൾ മനസ്സിലാക്കിയിരിക്കുന്നു. രാവണ രാജ്യം എത്ര സമയം ഉണ്ടാകും എന്നതും പറഞ്ഞുതന്നിട്ടുണ്ട്. രാവണരാജ്യത്തിൽ എത്രയധികം ധർമ്മങ്ങളാണ് ഉണ്ടാകുന്നത്. രാമരാജ്യത്തിൽ കേവലം സൂര്യവംശിയും, ചന്ദ്രവംശിയും മാത്രമേ ഉണ്ടാകൂ. ഇപ്പോൾ നിങ്ങൾ പഠിക്കുകയാണ്. ഈ പഠിപ്പ് മറ്റാരുടേയും ബുദ്ധിയിലില്ല. അവർ എല്ലാവരും രാവണ രാജ്യത്തിലാണ്. അയോഗ്യരാണ് എന്ന് എന്തുകൊണ്ടാണ് പറയുന്നത്? എന്തെന്നാൽ പതീതമായി മാറുന്നു എന്നിട്ട് ദേവതകളുടെ യോഗ്യതയുടെ മഹിമയും, തന്റെ അയോഗ്യതയുടെ മഹിമയും പാടുന്നു.

ബാബ മനസ്സിലാക്കിത്തരുന്നു– നിങ്ങൾ പൂജ്യനായിരുന്ന സമയത്ത് പുതിയ ലോകമുണ്ടായിരുന്നു. വളരെ കുറച്ച് മനുഷ്യരേ ഉണ്ടായിരുന്നുള്ളു. മുഴുവൻ വിശ്വത്തിന്റേയും അധികാരി നിങ്ങളായിരുന്നു. ഇപ്പോൾ നിങ്ങൾക്ക് വളരെയധികം സന്തോഷമുണ്ടാകണം. സഹോദരീ –സഹോദരങ്ങളാകുന്നുണ്ടല്ലോ. ഇവർ വീട് ഉപേക്ഷിപ്പിക്കും എന്ന് അവർ പറയുന്നു. പിന്നീട് അവർ തന്നെ വന്ന് പഠിപ്പ് നേടും, അപ്പോൾ ഇവിടെ വരുന്നതിലൂടെ ജ്ഞാനം വളരെ നല്ലതാണെന്ന് മനസ്സിലാക്കും. അർത്ഥം മനസ്സിലാക്കുന്നുണ്ടല്ലോ. സഹോദരീ –സഹോദരൻ അല്ലെങ്കിൽ പവിത്രത എവിടെ നിന്നു വരും. എല്ലാത്തിന്റേയും ആധാരം പവിത്രതയാണ്. ബാബ വരുന്നതും മഗധ ദേശത്തിലാണ്, ഇത് വളരെ അധ:പതിച്ചുപോയ ദേശമാണ്, വളരെ പതീതമാണ്, കഴിക്കുന്നതും കുടിക്കുന്നതും പോലും മോശമാണ്. ബാബ പറയുന്നു, ഞാൻ വളരെയധികം ജന്മങ്ങളുടെ അന്തിമ ജന്മത്തിലാണ് പ്രവേശിക്കുന്നത്. ഇവർ തന്നെയാണ് 84 ജന്മങ്ങൾ എടുക്കുന്നത്. അവസാനത്തെ ആൾ തന്നെ ആദ്യവും, ആദ്യത്തെ ആൾ തന്നെയാണ് അവസാനവും വരുന്നത്. ഒരാളുടെ ഉദാഹരണമല്ലേ പറഞ്ഞുതരിക. നിങ്ങളുടെ പരമ്പര ഉണ്ടാവുകയാണ്. എത്ര നല്ലരീതിയിൽ മനസ്സിലാക്കി മുന്നോട്ടുപോകുന്നുവോ അത്രയും അധികം പേർ നിങ്ങളുടെ അടുത്തേയ്ക്ക് വന്നുകൊണ്ടിരിക്കും. ഇപ്പോൾ ഇത് വളരെ ചെറിയ വൃക്ഷമാണ്. കൊടുങ്കാറ്റുകളും ഒരുപാട് വരും. സത്യയുഗത്തിൽ കൊടുങ്കാറ്റിന്റെ കാര്യമേയില്ല. ഇവിടെയാണെങ്കിൽ ഇരുന്ന ഇരുപ്പിൽത്തന്നെ മരിക്കുന്നു മാത്രമല്ല ഇവിടെ നിങ്ങളുടെ യുദ്ധം മായയുമായിട്ടാണ്, അതിനാൽ മായയും പേടിപ്പിക്കുന്നു. സത്യയുഗത്തിൽ ഇങ്ങനെയുണ്ടാകില്ല. മറ്റൊരു ധർമ്മത്തിലും ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാകില്ല. രാവണ രാജ്യത്തേയും രാമരാജ്യത്തേയും മറ്റാരും മനസ്സിലാക്കുന്നില്ല. തീർച്ചയായും സത്സംഗങ്ങളിൽ പോകുന്നുണ്ട് പക്ഷേ അവിടെ മരിക്കുന്നതിന്റേയും ജീവിക്കുന്നതിന്റേയും കാര്യമേയില്ല. ഇവിടെയാണെങ്കിൽ കുട്ടികൾ ദത്തെടുക്കപ്പെടുകയാണ്. ഞങ്ങൾ ശിവബാബയുടെ കുട്ടികളാണ്, ബാബയിൽ നിന്നും സമ്പത്ത് എടുക്കുകയാണ് എന്ന് പറയുന്നു. എടുത്തെടുത്ത് അവസാനം വീണുപോയാൽ സമ്പത്തും അവസാനിക്കും. ഹംസത്തിൽ നിന്നും മാറി കൊക്കാവുന്നു. എന്നിട്ടും ബാബ ദയാഹൃദയനായതിനാൽ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. ചിലർ വീണ്ടും ഉയരും. ആരാണോ ഉറപ്പോടെ ഇരിക്കുന്നത് അവരെയാണ് മഹാവീരൻ, ഹനുമാൻ എന്നു വിളിക്കുന്നത്. നിങ്ങൾ മഹാവീരന്മാരും, മഹാവീരണികളുമാണ്. ഏറ്റവും നല്ല യോദ്ധാവിനെയാണ് മഹാവീരൻ എന്ന് വിളിക്കുന്നത്. ആദിദേവനേയും മഹാവീരൻ എന്ന് വിളിക്കുന്നു, ഇതിലൂടെയാണ് ഈ മഹാവീരൻ ജനിക്കുന്നത് പിന്നീട് വിശ്വത്തിൽ രാജ്യം ഭരിക്കും. നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് രാവണനുമേൽ വിജയം നേടുന്നതിനായി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. രാവണൻ 5 വികാരങ്ങളാണ്. ഇത് മനസ്സിലാകുന്ന കാര്യമാണ്. നിങ്ങളുടെ ബുദ്ധിയുടെ പൂട്ട് ബാബ ഇപ്പോൾ തുറക്കുകയാണ്. പിന്നീട് പൂട്ട് പൂർണ്ണമായും അടയും. ഇവിടെയും അങ്ങനെയാണ് ആരുടെ പൂട്ടാണോ തുറന്നത് അവർ പോയി സേവനം ചെയ്യും. ബാബ പറയുന്നു, പോയി സേവനം ചെയ്യൂ, ചെളിക്കുഴിയിൽ വീണുകിടക്കുന്നത് ആരാണോ അവരെ രക്ഷിക്കൂ. അല്ലാതെ നിങ്ങളും ചെളിക്കുഴിയിൽ വീഴൂ എന്നല്ല. നിങ്ങൾ പുറത്തുവന്ന് മറ്റുള്ളവരേയും പുറത്തെടുക്കൂ. വിഷയവൈതരണീ നദിയിൽ അപരം അപാരമായ ദുഃഖമാണുള്ളത്. ഇപ്പോൾ അപരം അപാരമായ സുഖത്തിലേയ്ക്ക് പോകണം. ആരാണോ അപരമപാരമായ സുഖം നൽകുന്നത് അവരുടെ മഹിമയാണ് പാടുന്നത്. ദുഃഖം നൽകുന്നയാളാണ് രാവണൻ, എന്താ രാവണന്റെ മഹിമ പാടുമോ? രാവണനെ അസുരൻ എന്നാണ് പറയുന്നത്. ബാബ പറയുന്നു, നിങ്ങൾ രാവണ രാജ്യത്തിലായിരുന്നു, ഇപ്പോൾ അളവില്ലാത്ത സുഖം നേടുന്നതിനായി ഇവിടെ വന്നിരിക്കുകയാണ്. നിങ്ങൾക്ക് എത്രയധികം സുഖമാണ് ലഭിക്കുന്നത്. എത്ര സന്തോഷത്തോടെ ഇരിക്കണം മാത്രമല്ല വളരെ ശ്രദ്ധയോടെയും ഇരിക്കണം. സ്ഥാനം നമ്പർ അനുസരിച്ചാണ് ലഭിക്കുന്നത്. ഓരോ അഭിനേതാവിന്റേയും സ്ഥാനം വ്യത്യസ്തമാണ്. എല്ലാവരിലും ഈശ്വരനുണ്ടാവുക എന്നത് സാധ്യമല്ല. ബാബ ഇരുന്ന് എല്ലാകാര്യവും പറഞ്ഞുതരുന്നു. നിങ്ങൾ നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് രചയിതാവിനേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തേയും മനസ്സിലാക്കി. പഠിപ്പിൽ നമ്പർ വൈസായാണ് മാർക്ക് ലഭിക്കുക. ഇത് പരിധിയില്ലാത്ത പഠിപ്പാണ്, കുട്ടികൾക്ക് ഇതിൽ വളരെയധികം ശ്രദ്ധ വേണം. പഠിപ്പ് ഒരു ദിവസം പോലും

നഷ്ടപ്പെടുത്തരുത്. നമ്മൾ വിദ്യാർത്ഥികളാണ്, ഈശ്വരീയ പിതാവ് പഠിപ്പിക്കുകയാണ്.... എന്ന ലഹരി കുട്ടികളിൽ എപ്പോഴും ഉയർന്നിരിക്കണം. ഭഗവാന്റെ വാക്കുകളാണ്, പിന്നീട് അവർ പേര് മാറ്റി കൃഷ്ണൻ എന്ന് വെച്ചു. തെറ്റായി കൃഷ്ണഭഗവാന്റെ വാക്കുകളാണ് എന്ന് മനസ്സിലാക്കി എന്തുകൊണ്ടെന്നാൽ ഭഗവാന്റെ തൊട്ടടുത്ത് ഉള്ളത് കൃഷ്ണനാണ്. ബാബ സ്ഥാപിക്കുന്ന സ്വർഗ്ഗത്തിൽ നമ്പർ വൺ കൃഷ്ണനാണല്ലോ. ഈ ജ്ഞാനം ഇപ്പോൾ നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് തന്റെ മംഗളം ചെയ്യുന്നു, ഒപ്പം മറ്റുള്ളവരുടേയും മംഗളം ചെയ്യുന്നു, അവർക്ക് സേവനമില്ലാതെ ഒരിയ്ക്കലും സുഖം തോന്നില്ല.

നിങ്ങൾ കുട്ടികൾ ജ്ഞാന യോഗത്തിൽ ശക്തിശാലിയാകുമ്പോൾ ജോലികൾ ജിന്നിനെപ്പോലെ ചെയ്യാൻ തുടങ്ങും. മനുഷ്യനെ ദേവതയാക്കി മാറ്റുന്നത് ശീലമായി മാറും. മരണത്തിന് മുമ്പുതന്നെ വിജയിക്കണം. സേവനം വളരെയധികം ചെയ്യണം. അവസാനം യുദ്ധം ആരംഭിക്കും. പ്രകൃതിക്ഷോഭങ്ങളും ഉണ്ടാകും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ആത്മീയ സന്താനങ്ങൾക്ക് മാതാവും, പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും, പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യസാരം-**

1) അവസാനത്തിൽ നിന്നും ആദ്യമെത്തുന്നതിനായി മഹാവീരരായി മാറി പുരുഷാർത്ഥം ചെയ്യണം. മായയുടെ കൊടുങ്കാറ്റിൽ ഇളകരുത്. ബാബയ്ക്ക് സമാനം ദയാഹൃദയരായിമാറി മനുഷ്യരുടെ ബുദ്ധിയുടെ പൂട്ട് തുറക്കുന്നതിനുള്ള സേവനം ചെയ്യണം.

2) ജ്ഞാനസാഗരത്തിൽ ദിവസവും ജ്ഞാനസ്നാനം ചെയ്ത് ദേവതയായി മാറണം. ഒരു ദിവസം പോലും പഠിപ്പ് മുടക്കരുത്. നമ്മൾ ഭഗവാന്റെ വിദ്യാർത്ഥികളാണ്- ഈ ലഹരിയിൽ ഇരിക്കണം.

## വരദാനം-ഗംഭീരതയാകുന്ന ഗുണത്തിലൂടെ ഫുൾമാർക്ക് നേടുന്ന ഗംഭീരതയുടെ ദേവനും, ദേവിയുമായി ഭവിക്കട്ടെ.

വർത്തമാനകാലത്ത് ഗൗരവത്തോടെയിരിക്കുന്ന ഗുണം വളരെ വളരെ ആവശ്യമാണ്.എന്തെന്നാൽ ധാരാളം സംസാരിക്കുന്ന ശീലമാണ് ഇപ്പോഴുള്ളത്,വായിൽ വരുന്നത് പറയുന്നു.ആരെങ്കിലും ഒരു നല്ല കാര്യം ചെയ്തിട്ട് അതിനെ വർണ്ണിച്ചുകൊണ്ടിരുന്നാൽ പകുതി ഫലം ഇല്ലാതാകുന്നു,പകുതി മാത്രമേ ശേഖരിക്കപ്പെടുകയുള്ളൂ.ഗൗരവത്തോടെയിരിക്കുന്നവർക്ക് മുഴുവൻ ഫലവും ലഭിക്കുന്നു..അതിനാൽ ഗൗരവത്തിന്റെ ദേവനും,ദേവിയുമായി മാറൂ എന്നിട്ട് തന്റെ മുഴുവൻ മാർക്കും നേടിയെടുക്കൂ.വർണന ചെയ്യുന്നതിലൂടെ മാർക്ക് കുറയും.

## സ്ലോഗൻ – ബിന്ദുരൂപത്തിൽ സ്ഥിതി ചെയ്യുകയാണെങ്കിൽ സെക്കന്റിൽ സമസ്യകൾക്ക് ബിന്ദുവിടാൻ സാധിക്കും.